# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/22/2017 <u>പത്രക്കുറിപ്പ്</u> 2017 ജനുവരി 31

**പരീക്ഷാഫലം**

ബി.ആർക്ക് ഒന്ന്, രണ്ട് സെമസ്റ്റർ റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി(2015 അഡ്മിഷൻ റഗുലർ, 2014 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2011, 2012, 2013 അഡ്മിഷൻ സപ്ലിമെന്ററി)/നാലാം സെമസ്റ്റർ റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി (2014 അഡ്മിഷൻ റഗുലർ, 2013 അഡ്മിഷൻ ഇംപ്രൂവ്മെന്റ് / സപ്ലിമെന്ററി, 2011, 2012 അഡ്മിഷൻ സപ്ലിമെന്ററി)/ആറാം സെമസ്റ്റർ റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി (2013 അഡ്മിഷൻ റഗുലർ, 2012 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2011 അഡ്മിഷൻ സപ്ലിമെന്ററി)/ഏഴ്, എട്ട് സെമസ്റ്റർ റഗുലർ/സപ്ലിമെന്ററി(2012 അഡ്മിഷൻ റഗുലർ, 2011 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യ നിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 10 വരെ സ്വീകരിക്കും.

2016 സെപ്റ്റംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ (ഫിസിക്കൽ എഡ്യുക്കേഷൻ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**യു.ജിസി സ്പോൺസേർഡ് സെമിനാർ നടത്തി.**

‘‘ഡെവലപ്മെന്റ് ഇൻഡ്യൂസ്ഡ് ഡിസ്പ്ലേസ്മെന്റ്-ഇഷ്യൂസ് ആന്റ് ചലഞ്ചസ്’’ എന്ന വിഷയത്തിൽ എം.ജി സർവ്വകലാശാലാ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ നടന്ന യു.ജി.സി സ്പോൺസേർഡ് സെമിനാർ വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. ഡൽഹി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഇക്കണോമിക്സിലെ സോഷ്യോളജി പ്രൊഫസർ ഡോ : നന്ദിനി സുന്ദർ മുഖ്യ പ്രഭാഷണം നടത്തി. വികസനത്തിന്റെ പേരിൽ നടക്കുന്ന കുടിയൊഴിപ്പിക്കലുകളും പരിണത ഫലങ്ങളും ആഗോള പ്രസക്തിയാർജ്ജിക്കുന്ന വിഷയമാണെന്ന് അവർ ഓർമിപ്പിച്ചു. ഡോ : റോയ് സി . മാത്യു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സിൻഡിക്കേറ്റ് അംഗമായ കെ.ഷറഫുദ്ദീൻ, ഡോ : ജേക്കബ് ജോൺ കട്ടക്കയം, ഡോ : ഹരിലക്ഷ്മീന്ദ്രകുമാർ, ഫാദർ എം.കെ.ജോർജ്ജ്, ഡോ : സന്ധ്യ.ആർ.എസ് തുടങ്ങിയവർ പങ്കെടുത്തു.

‘‘ഏജിംഗ് ഗ്രെയ്സ്ഫുള്ളി’’ എന്ന പുസ്തകത്തിന്റെ പ്രകാശനവും നടന്നു.

**അടിക്കുറിപ്പ്**

എം.ജി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ നടന്ന യു.ജി.സി സ്പോൺസേർഡ് സെമിനാർ വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ : നന്ദിനി സുന്ദർ, ഡോ : റോയ് സി . മാത്യു, കെ.ഷറഫുദ്ദീൻ, ഡോ : ജേക്കബ് ജോൺ കട്ടക്കയം, ഡോ : ഹരിലക്ഷ്മീന്ദ്രകുമാർ, ഡോ : സന്ധ്യ.ആർ.എസ് തുടങ്ങിയവർ സമീപം

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**